## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 714** **11.07.2016-ൽ മറുപടിക്ക്**

### ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഓഫീസ്

| ചോദ്യം<br>**ശ്രീ.പി.കെ.ബഷീർ** | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും<br>വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ നിലവിലില്ലാത്ത നിയോജകമണ്ഡലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കമോ; പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് പോലും ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ ഓഫീസ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) മലപ്പുറം ജില്ലയിലെ മങ്കട, തവനൂർ ഏറനാട്, താനൂർ, വേങ്ങര, വള്ളിക്കുന്ന് എന്നീ നിയോജകമണ്ഡലങ്ങളിലും പാലക്കാട് ജില്ലയിലെ മലമ്പുഴ, കോങ്ങാട്, തരൂർ, പട്ടാമ്പി എന്നീ നിയോജകമണ്ഡലങ്ങളിലും കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, ധർമ്മടം എന്നീ നിയോജകമണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ നിലവിലില്ല. നിലവിൽ ഓഫീസുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓരോ ഓഫീസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;<br><br>(സി) ഏറനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസെങ്കിലും ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ബി) & (സി) G.O(Ms) No. 65/2013/പൊ.മ.വ തീയതി 03.08.2013 പ്രകാരം<br>പാലക്കാട് - പട്ടാമ്പി<br>മലപ്പുറം - തവനൂർ, ഏറനാട്, താനൂർ, വേങ്ങര, വള്ളിക്കുന്ന്,<br>കണ്ണൂർ - ധർമ്മടം<br>എറണാകുളം - കളമശ്ശേരി<br>എന്നീ സെക്ഷനുകൾ തുടങ്ങാൻ തീരുമാനമായിട്ടുണ്ട്. ഇതിൽ കളമശ്ശേരിയിൽ പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുകയുണ്ടായി. |

സെക്ഷൻ ഓഫീസർ